**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - പ്രാദേശിക സർക്കാരുകൾ ഫണ്ടുകൾ മാറുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(അ) നം. 42/2018/ധന. തീയതി, തിരുവനന്തപുരം, 17 മാർച്ച് 2018

---

പരാമർശം. സ.ഉ (അ) നം.119/2015/ധന. തീയതി 21/03/2015

**<u>ഉത്തരവ്</u>**

പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിൽ നിന്നും തുക പിൻവലിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 2(vi) പ്രകാരം മാർച്ച് 31 ന മുമ്പായി പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച തുക ചെലവഴിച്ചില്ലെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷം അധിക ധനാനുമതി/ ഉപ ധനാഭ്യർത്ഥന വഴി ജൂലൈ 25 ന് നൽകുന്ന 2-ാം ഗഡുവിനൊപ്പം അനുവദിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി അവലോകനം ചെയ്യുകയും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

i. പ്രാദേശിക സർക്കാരുകൾക്ക് സംരക്ഷണ ഫണ്ട്, വികസന ഫണ്ട് എന്നീ ഇനങ്ങളിൽ ബജറ്റ് വിഹിതമായി അനുവദിക്കുന്ന തുക അതാതു സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണ്.

ii. മാർച്ച് 31 നകം ചെലവാക്കാത്ത തുക ലാപ്സാകുന്നതാണ്.

iii. പ്രാദേശിക സർക്കാരുകൾ ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷം അധിക ധനാനുമതിയായി പുനഃരനുവദിക്കുന്നതല്ല.

(3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഷർമ്മിള മേരി ജോസഫ്**
**ധനകാര്യ വ്യയ സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
എല്ലാ പ്രാദേശിക സർക്കാരുകൾക്കും
അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഗ്രാമവികസന വകുപ്പ്കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്/എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ